# കേരള ഫോക്‌ലോർ അക്കാദമി

ചിറക്കൽ പി.ഒ., കണ്ണൂർ - 11.

## നാടൻകലാ ക്ലബ്ബ് അഫിലിയേഷൻ

## നിയമാവലി

1. ക്ലബ്ബിൽ കുറഞ്ഞത് 20 പേരെങ്കിലും അംഗങ്ങളായി ഉണ്ടായിരിക്കണം.

2. ക്ലബ്ബ് നിർവ്വാഹക സമിതിയിൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ:സെക്രട്ടറി, ട്രഷറർ എന്നിവരടക്കം 11 (പതിനൊന്ന്) അംഗങ്ങൾ ഉണ്ടായിരിക്കണം.

3. പ്രവർത്തനങ്ങളുടെ മിനുട്സ് സൂക്ഷിക്കേണ്ടതും വാർഷിക റിപ്പോർട്ട് അക്കാദമി സെക്രട്ടറിയുടെ പേരിൽ അയക്കേണ്ടതുമാണ്.

4. അക്കാദമിയുടെ ഏതുവിധത്തിലുള്ള സഹായങ്ങളും ഈ ക്ലബ്ബുകൾ മുഖേനയായിരിക്കും.

5. അഫിലിയേഷന്റെ കാലാവധി മൂന്ന് വർഷമായി നിജപ്പെടുത്തിയിരിക്കുന്നു.

6. അഫിലിയേഷൻ സംഖ്യ ~~100~~ 500 രൂപ ഡി.ഡി. ആയി നൽകേണ്ടതാണ്. ഡി.ഡി. സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ എന്ന വിലാസത്തിൽ മാറാവുന്നതായിരിക്കണം.

7. നിർവ്വാഹക സമിതി അംഗങ്ങളുടെ പേരും അഡ്രസ്സും അക്കാദമിയെ അറിയിക്കേണ്ടതാണ്.

8. ചാരിറ്റബിൾ സൊസൈറ്റിയായോ ട്രസ്റ്റ് ആയോ പ്രവർത്തിക്കുന്നതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കണം.

9. നിർവ്വാഹക സമിതിയിൽ നാടൻ കലാകാരന്മാർ നിർബന്ധമായും ഉണ്ടായിരിക്കണം.

10. പ്രസ്തുത ക്ലബ്ബ് നാടൻ കലാരംഗത്ത് പ്രവർത്തിച്ചുവരുന്നതായി പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ-പ്രസിഡണ്ട് / ചെയർമാൻ എന്നിവരുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

11. അഫിലിയേഷന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ക്ലബ്ബുകൾ വിശദമായ റിപ്പോർട്ട്, ഭാരവാഹികളുടെ ലിസ്റ്റ്, 100 രൂപ ഡി.ഡി, എഴുതി തയ്യാറാക്കിയ അപേക്ഷ എന്നിവ സഹിതം പുതുക്കാനായി അപേക്ഷിക്കേണ്ടതാണ്.